# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 10.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആസിയാൻ അംഗരാജ്യങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ ഇന്ത്യയുടെ കിഴക്കൻ നയത്തിന് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. 21-ാമത് ഇന്ത്യ- ആസിയാൻ ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   **India's Act East Policy strengthened ties with ASEAN countries. PM addresses India-ASEAN Summit.**

2. സംസ്ഥാനങ്ങൾക്കായി ഒരു ലക്ഷത്തി 78,000 കോടി രൂപയുടെ നികുതി വിഹിതം അനുവദിച്ച് കേന്ദ്ര സർക്കാർ. തുക അനുവദിച്ചത് ഉത്സവ സീസൺ കണക്കിലെടുത്ത്.

   **The central government released tax devolution of over one lakh 78 thousand crore rupees to State Governments ahead of festive season.**

3. ഗ്രാമീണ കുടുംബങ്ങളുടെ ശരാശരി പ്രതിമാസ വരുമാനത്തിൽ 57 ശതമാനത്തിലേറെ വർദ്ധനയെന്ന് നബാർഡ്. ഇൻഷുറൻസ് പരിരക്ഷയിലും വർധന.

   **The average monthly income of rural households grown by over 57 percent: NABARD report. Remarkable increase in insurance coverage also.**

4. ഇതിഹാസ ഇന്ത്യൻ വ്യവസായി രത്തൻ ടാറ്റയ്ക്ക് രാജ്യത്തിൻറെ അന്ത്യാഞ്ജലി. സംസ്കാരം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ മുംബൈയിൽ നടന്നു.

Nation pays tribute to legendary Indian businessman Ratan Tata. Final rites performed at Mumbai with full state honours.

5. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് പരിഷ്കരണം സംബന്ധിച്ച പ്രമേയം കേരള നിയമസഭ ഐകകണ്ഠേന പാസാക്കി. തൊഴിൽ മേഖലയിലെ പ്രതിസന്ധി ചൂണ്ടിക്കാട്ടി പ്രതിപക്ഷ വാക്കൗട്ട്.

The Kerala Assembly unanimously passed the resolution on One Country, One Electoral Reforms. Opposition walkout citing the crisis in the labor sector.

6. വിരമിക്കൽ പ്രഖ്യാപിച്ച് ടെന്നീസ് ഇതിഹാസം റാഫേൽ നദാൽ. ഏഷ്യൻ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ പുരുഷ ടീമിന് വെങ്കലം.

Tennis legend Rafael Nadal announces retirement. Indian men's team wins bronze at Asian Table Tennis Championship.

## EVE-PM LAOS

ആസിയാൻ അംഗരാജ്യങ്ങളുമായുള്ള ബന്ധത്തിന് കൂടുതൽ കരുത്തും ഊർജവും ദിശാ ബോധവുമേകുന്നതിന് ഇന്ത്യയുടെ കിഴക്കൻ നയത്തിന് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. 21-ാം നൂറ്റാണ്ട് ഇന്ത്യയുടേയും ആസിയാൻ രാജ്യങ്ങളുടേതുമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. 21-ാമത് ഇന്ത്യ- ആസിയാൻ ഉച്ചകോടിയെ ലാവോസിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയും ആസിയാൻ അംഗരാജ്യങ്ങളും സമാധാനമാണ് ആഗ്രഹിക്കുന്നതെന്നും മറ്റ് രാജ്യങ്ങളുടെ ദേശീയോദ്ഗ്രഥനത്തെയും പരമാധികാരത്തെയും രാജ്യങ്ങൾ പരസ്പരം ബഹുമാനിക്കുന്നതായും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(Hold Voice...........)

ഇന്ത്യ-ആസിയാൻ സഹകരണത്തിൻറെ പ്രാധാന്യം ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയും ആസിയാനും തമ്മിലുള്ള വ്യാപാരം 13,000 കോടിയായി ഉയർന്നതായും പറഞ്ഞു. ഉച്ചയോടെ ലാവോസിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള വരവേൽപാണ്

ലഭിച്ചത്. ആസിയാൻ അംഗരാജ്യ തലവന്മാരുമായി പ്രധാനമന്ത്രി ഇന്ന് സംവദിക്കും. 19-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുക്കും.

## PM-LAO RAMAYAN

ലുവാങ് പ്രബാങ്ങിലെ റോയൽ തീയേറ്റർ അവതരിപ്പിച്ച ലാവോ രാമായണത്തിൻറെ പതിപ്പിനും പ്രധാനമന്ത്രി നരേന്ദ്ര മോദി സാക്ഷ്യം വഹിച്ചു. ലാവോസിൽ രാമായണം ഇപ്പോഴും ആഘോഷിക്കപ്പെടുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ലാവോസിലെ വാട്ട് ഫൗ ക്ഷേത്രവും അനുബന്ധ സ്മാരകങ്ങളും പുനഃസ്ഥാപിക്കുന്നതിൽ പുരാവസ്തു വകുപ്പിൻറെ പങ്ക് വലുതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വിയൻറിയാനിലെ സി- സാകേത് ക്ഷേത്രത്തിലെ മഠാധിപതി മഹാവേത് മസെനായിയുടെ നേതൃത്വത്തിൽ, മുതിർന്ന ബുദ്ധ സന്യാസിമാർ നടത്തിയ അനുഗ്രഹ ചടങ്ങിലും പ്രധാനമന്ത്രി പങ്കെടുത്തു.

## REV PREZ - VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഞായറാഴ്ച മുതൽ ഏഴുദിവസം അൾജീരിയ, മൗറിറ്റാനിയ, മലാവി എന്നീ രാജ്യങ്ങൾ സന്ദർശിക്കും. അൾജീരിയൻ പ്രസിഡൻറിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം. ഈ മാസം 13 മുതൽ 15 വരെ അൾജീരിയയിലാണ് ആദ്യഘട്ട സന്ദർശനം. രണ്ടാം ഘട്ടത്തിൽ മൗറിറ്റാനിയയും അവസാന ഘട്ടത്തിൽ മലാവിയും രാഷ്ട്രപതി സന്ദർശിക്കും.

## RATAN TATA

പ്രമുഖ വ്യവസായിയും ടാറ്റാ ഗ്രൂപ്പിന്റെ മുൻ ചെയർമാനായിരുന്ന രത്തൻ ടാറ്റയുടെ ഭൗതിക ദേഹം മുംബൈയിലെ വർളി ശ്മശാനത്തിൽ പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു. രത്തൻ ടാറ്റയുടെ വിയോഗത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്‌ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ പ്രതിപക്ഷ നേതാവ്

രാഹുൽ ഗാന്ധി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. കേന്ദ്രമന്ത്രിമാരായ അമിത് ഷാ, പിയൂഷ് ഗോയൽ എന്നിവരും, മഹാരാഷ്ട്ര ഗവർണർ, മുഖ്യമന്ത്രി തുടങ്ങി രാഷ്ട്രീയ- സാംസ്കാരിക രംഗത്തെ പ്രമുഖരും ആദരാഞ്ജലി അർപ്പിച്ചു. വൻ ജനാവലിയാണ് മുംബൈയിലെ N C P A യിൽ എത്തി അദ്ദേഹത്തിന് യാത്രാമൊഴി നൽകിയത്. മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ രാത്രി ആയിരുന്നു രത്തൻ ടാറ്റ അന്തരിച്ചത്. 1962 ൽ ടാറ്റാ ഗ്രൂപ്പിൽ ചേർന്ന രത്തൻ ടാറ്റ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമായിരുന്നു. പത്മഭൂഷൺ, പത്മവിഭൂഷൺ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു.

## GOVERNMENT-TAX DEVOLUTION

സംസ്ഥാനങ്ങൾക്കായി ഒരു ലക്ഷത്തി 78,000 കോടി രൂപയുടെ നികുതി വിഹിതം അനുവദിച്ച് കേന്ദ്ര സർക്കാർ. വരാനിരിക്കുന്ന ഉത്സവ സീസൺ കണക്കിലെടുത്ത് മൂലധന ചെലവ് ത്വരിതപ്പെടുത്തുന്നതിനും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനുമാണ് അഡ്വാൻസ് ഗഡു നൽകുന്നതെന്ന് കേന്ദ്ര ധനമന്ത്രാലയം വ്യക്തമാക്കി. നികുതി വിഹിതത്തിൽ കൂടുതൽ തുക ലഭിച്ചത് ഉത്തർപ്രദേശിനാണ്.

## REV. ASHWINI-CINEMA

രാജ്യത്തുടനീളം ഐക്യം വളർത്തുന്നതിൽ ഇന്ത്യൻ സിനിമ നിർണായക പങ്ക് വഹിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. 'ഏക് ഭാരത് ശ്രേഷ്ഠ ഭാരത്' എന്ന കാഴ്ചപ്പാട് ശക്തിപ്പെടുത്തുന്നതിനുള്ള ശക്തമായ ഉപകരണമായി സിനിമ നിലനിൽക്കുന്നതായും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

## UN-HRC

47 അംഗ മനുഷ്യാവകാശ കൗൺസിലിലേക്ക് 18 അംഗങ്ങളെ തിരഞ്ഞെടുത്ത് ഐക്യരാഷ്ട്ര പൊതുസഭ. 2025-27 വർഷത്തേക്കാണ് അംഗങ്ങളെ തിരഞ്ഞെടുത്ത്. ബെനീൻ, ബൊളീവിയ, കൊളംബിയ,

സൈപ്രസ്, ഖത്തർ, തായ് ലാൻഡ് ഉൾപ്പെടെയുള്ള രാജ്യങ്ങളെ രഹസ്യ ബാലറ്റ് സംവിധാനത്തിലൂടെയാണ് തിരഞ്ഞെടുത്തത്.

## NABARD-SURVEY

രാജ്യത്തെ ഗ്രാമീണ കുടുംബങ്ങളുടെ ശരാശരി പ്രതിമാസ വരുമാനത്തിൽ 2016-17 മുതൽ 2021-22 വരെ 57 ശതമാനത്തിലേറെ വർദ്ധനയെന്ന് നബാർഡ്. നബാർഡിൻറെ രണ്ടാമത്തെ ഓൾ ഇന്ത്യ റൂറൽ ഫിനാൻഷ്യൽ ഇൻക്ലൂഷൻ സർവേ പ്രകാരം, ശരാശരി പ്രതിമാസ വരുമാനം 8,059 രൂപയിൽ നിന്ന് 2,698 രൂപയായും ഉയർന്നു. അതേസമയം, കുടുംബങ്ങളുടെ ശരാശരി പ്രതിമാസ ചെലവ് 6,600 രൂപയിൽ നിന്ന് 11,200 രൂപയായി കൂടി. ഇൻഷുറൻസ് പരിരക്ഷയിൽ ഗണ്യമായ വർധനവുണ്ടായതായും സർവ്വേ സൂചിപ്പിക്കുന്നു.

## NOBEL PRIZE- LITERATURE

സാഹിത്യത്തിനുള്ള ഇത്തവണത്തെ നൊബേൽ പുരസ്കാരം ദക്ഷിണ കൊറിയൻ എഴുത്തുകാരി ഹാൻ കാങ്ങിന്. തലമുറകളായി ഒരു വിഭാഗം നേരിടുന്ന മാനസികവും വൈകാരികവുമായ ആഘാതങ്ങളെ ഉൾക്കൊള്ളുന്നതാണ് ഹാൻ കാങ്ങിന്റെ എഴുത്തെന്ന് പുരസ്കാര നിർണായ സമിതി വിലയിരുത്തി.

## HM-PHDCCI

രാഷ്ട്ര വികസനത്തിൽ മുഴുവൻ ജനങ്ങളും പങ്കാളികളാകണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ന്യൂഡൽഹിയിലെ പി എച് ഡി ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ 119-ാമത് വാർഷിക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്തെ മറ്റ് ജനാധിപത്യ രാജ്യങ്ങളിൽ സുസ്ഥിരമായ സർക്കാർ ഉണ്ടാകുക ചുരുക്കമാണ്. എന്നാൽ ജനങ്ങളുടെ വിശ്വാസം നേടി ശ്രീ മോദി വീണ്ടും അധികാരത്തിലെത്തിയതായും കേന്ദ്ര മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.....)

രാജ്യത്തെ വ്യവസായ മേഖലയോട് ഉത്പാദനം വർദ്ധിപ്പിക്കാനും കേന്ദ്ര മന്ത്രി ആഹ്വാനം ചെയ്തു. അടുത്ത 25 വർഷത്തിൽ എല്ലാ മേഖലകളിലും ഇന്ത്യയെ ലോക നേതാവാക്കണമെന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടെന്നും ശ്രീ ഷാ വ്യക്തമാക്കി.

## NIYAMASABHA- MOTION

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് പരിഷ്കരണത്തിൽ നിന്ന് പിന്തിരിയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ ഐകകണ്ഠേന പാസാക്കി. മുഖ്യമന്ത്രിക്ക് വേണ്ടി മന്ത്രി എം ബി രാജേഷാണ് പ്രമേയം സഭയിൽ അവതരിപ്പിച്ചത്. നടപടി ഭരണഘടനാ മൂല്യങ്ങൾക്ക് എതിരാണെന്നും അധികാര കേന്ദ്രീകരണത്തിന് തീരുമാനം വഴിയൊരുക്കുമെന്നും മന്ത്രി പറഞ്ഞു.

## NIYAMASABHA

സംസ്ഥാനത്തെ തൊഴിൽ മേഖല നേരിടുന്ന പ്രതിസന്ധികൾ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക്-ഔട്ട്. PSC നിയമനങ്ങളിൽ അപ്രഖ്യാപിത നിരോധനം നിലനിൽക്കുന്നതായും, ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്നും ഉപക്ഷേപത്തിന് അനുമതി തേടിയ പിസി വിഷ്ണുനാഥ് ആരോപിച്ചു. എന്നാൽ, നിലവിലുള്ള എല്ലാ ഒഴിവിലേക്കും, റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ തന്നെ പരമാവധി നിയമനം നടത്തുന്നുണ്ടെന്ന് മന്ത്രി കെ.എൻ ബാലഗോപാൽ മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

## RAFAEL NADAL RETIREMENT

പ്രൊഫഷണൽ ടെന്നീസിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് സ്പെയിനിൻ്റെ ടെന്നീസ് ഇതിഹാസം റാഫേൽ നദാൽ. തൻ്റെ കരിയറിൽ ഉടനീളം നൽകിയ പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ പറഞ്ഞു. നവംബറിൽ മലാഗയിൽ നടക്കുന്ന ഡേവിസ് കപ്പ്

ഫൈനൽ ആയിരിക്കും നദാലിൻ്റെ അവസാന ടൂർണമെൻ്റ്. 36 മാസ്റ്റേഴ്സ് കിരീടങ്ങളും ഒരു ഒളിമ്പിക് സ്വർണ്ണ മെഡലും ഉൾപ്പെടെ ആകെ 92 എടിപി സിംഗിൾസ് കിരീടങ്ങൾ നദാലിൻ്റെ പേരിലുണ്ട്. ടെന്നീസ് ചരിത്രത്തിൽ സിംഗിൾസിൽ കരിയർ ഗോൾഡൻ സ്ലാം പൂർത്തിയാക്കിയ മൂന്ന് പേരിൽ ഒരാളെന്ന അതുല്യ റെക്കോർഡും അദ്ദേഹം സ്വന്തമാക്കിയിട്ടുണ്ട്.

## ASIAN TABLE TENNIS

കസാക്കിസ്ഥാനിലെ അസ്താനയിൽ നടക്കുന്ന ഏഷ്യൻ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ ഉറപ്പിച്ച് ഇന്ത്യൻ പുരുഷ ടീം. സെമിഫൈനലിൽ ചൈനീസ് തായ്പേയിയോട് 0-3ന് പരാജയപ്പെട്ടതോടെയാണ് ഇന്ത്യയ്ക്ക് വെങ്കല മെഡൽ കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നത്. ഓപ്പണിംഗ് സിംഗിൾസിൽ ഇന്ത്യയുടെ ശരത് കമൽ 0-3ന് ലിൻ യുൻ-ജുവിനോട് തോൽവി ഏറ്റുവാങ്ങി. രണ്ടാം സിംഗിൾസിൽ മാനവ് തക്കർ, കാവോ ചെങ്-ജൂയിയോട് ശക്തമായി പൊരുതി 1-3ന് പരാജയപ്പെട്ടു. 2021ലും 2023ലും ഇന്ത്യൻ പുരുഷ ടീം വെങ്കല മെഡൽ നേടിയിരുന്നു.